**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6233** **10-07-2024 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിന്റെ സെൻസസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനം വകുപ്പ് സെൻസസ് നടത്തി വരുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കാമോ; | (എ) | ആനയുടെ കണക്കെടുപ്പ് പ്രോജക്ട് എലിഫന്റ് മാർഗ്ഗ-നിർദ്ദേശപ്രകാരവും കടുവയുടെ കണക്കെടുപ്പ് നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റി പ്രോട്ടോക്കോൾ പ്രകാരവും കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നു. |
| (ബി) | വനംവകുപ്പ് നടത്തിവരുന്ന സെൻസസുകൾ തമ്മിലുള്ള ഇടവേള എത്ര വർഷമാണ് എന്ന് വിശദമാക്കാമോ; | (ബി) | കടുവകളുടെ കണക്കെടുപ്പ് നാല് വർഷത്തിലൊരി-ക്കലും വരയാടുകളുടേത് വർഷാവർഷവും ആനകൾക്ക് All India Synchronised Elephant Population Estimation അഞ്ച് വർഷം കൂടുമ്പോഴും ആണ് സാധാരണയായി പോപ്പുലേഷൻ എസ്റ്റിമേ-ഷൻ നടത്താറുള്ളത്. |
| (സി) | എങ്കിൽ ഏറ്റവും അവസാനം നടത്തിയ രണ്ട് സെൻസസുകളുടെ വിശദവിവരം ലഭ്യമാക്കാമോ; | (സി) | അവസാനത്തെ രണ്ടു കണക്കെടുപ്പുകൾ പ്രകാരമുള്ള മൃഗങ്ങളുടെ എണ്ണം അനുബന്ധം ആയി ചേർക്കുന്നു |
| (ഡി) | ഏറ്റവും അവസാനം നടത്തിയ സെൻസസ് പ്രകാരം വന്യജീവികളുടെ എണ്ണത്തിൽ കുറവുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | രേഖപ്പെടുത്തിയിട്ടുണ്ട്.<br>പശ്ചിമഘട്ടത്തിന്റെ കാര്യത്തിൽ വന്യജീവികളുടെ എണ്ണം കുറഞ്ഞുവരികയാണെന്ന് റിപ്പോർട്ടുകൾ പറയുന്നു. സംരക്ഷിത വനാതിർത്തിക്കുള്ളിൽ മാത്രമാണ് കടുവകളുടെ എണ്ണത്തിൽ സ്ഥിരത-യുള്ളത്. വയനാടിന്റെ ഭൂപ്രകൃതിയുമായി താരതമ്യം ചെയ്യുമ്പോൾ കടുവകളുടെ എണ്ണത്തിൽ കുറവുള്ള-തായി കണക്കുകൾ സൂചിപ്പിക്കുന്നു. വനം കൈയ്യേറ്റം, മനുഷ്യ-മൃഗ സംഘർഷം എന്നിവയാണ് പ്രധാനമായും കടുവകളുടെ എണ്ണം കുറയുവാനുള്ള പ്രധാന കാരണ-മായി വിലയിരുത്തുന്നത്.<br>വനങ്ങളുടെ വിസ്തൃതി കുറയുന്നതും അവ പാർശ്വവ-ത്ക്കരിച്ച് തുണ്ടുകളായി രൂപം മാറ്റുന്നതും വിദേശയിന-സസ്യങ്ങളുടെ അധിനിവേശവും വന്യജീവികളുടെ സ്വൈരവിഹാരത്തിന് വലിയ ഭീഷണിയാണ്. ആഹാരം, കുടിവെള്ളം, കാട്ടുതീ, ആവാസവ്യവസ്ഥ-യിലുണ്ടാകുന്ന മാറ്റങ്ങൾ എന്നിവയാൽ വന്യജീവി-കൾ കാടിറങ്ങുന്നതും അതുമൂലം പലപ്പോഴും ഉണ്ടാകുന്ന മനുഷ്യ-വന്യമൃഗ സംഘർഷവും അവയുടെ |

| | | | |
|---|---|---|---|
| | | | നിലനില്പിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നു. അവശേഷിക്കുന്ന സ്വാഭാവിക വനങ്ങളുടെ പരിരക്ഷയും സംരക്ഷിത വനങ്ങളുടെ (Protected Areas) കരുതലോടുകൂടിയുള്ള പരിപാലനവും വന്യജീവി സംരക്ഷണം ഉറപ്പാക്കുന്ന സുപ്രധാന ഘടകങ്ങളാണ്. ആനകളുടെ അന്തർസംസ്ഥാന സഞ്ചാരങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത് സംസ്ഥാനത്തെ കാട്ടാനകളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിൽ വന്നുകൊണ്ടിരിക്കുന്നതിന് കാരണമാകുന്നു. |
| (ഇ) | എങ്കിൽ വന്യ ജീവികളുടെ എണ്ണത്തിൽ കുറവു വരുവാനുണ്ടായ കാരണങ്ങളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | രേഖപ്പെടുത്തിയിട്ടുണ്ട്.<br>പശ്ചിമഘട്ടത്തിന്റെ കാര്യത്തിൽ വന്യജീവികളുടെ എണ്ണം കുറഞ്ഞുവരികയാണെന്ന് റിപ്പോർട്ടുകൾ പറയുന്നു. സംരക്ഷിത വനാതിർത്തിക്കുള്ളിൽ മാത്രമാണ് കടുവകളുടെ എണ്ണത്തിൽ സ്ഥിരതയുള്ളത്. വയനാടിന്റെ ഭൂപ്രകൃതിയുമായി താരതമ്യം ചെയ്യുമ്പോൾ കടുവകളുടെ എണ്ണത്തിൽ കുറവുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. വനം കൈയ്യേറ്റം, മനുഷ്യ-മൃഗ സംഘർഷം എന്നിവയാണ് പ്രധാനമായും കടുവകളുടെ എണ്ണം കുറയുവാനുള്ള പ്രധാന കാരണമായി വിലയിരുത്തുന്നത്.<br>വനങ്ങളുടെ വിസ്തൃതി കുറയുന്നതും അവ പാർശ്വവത്ക്കരിച്ച് തുണ്ടുകളായി രൂപം മാറ്റുന്നതും വിദേശയിനസസ്യങ്ങളുടെ അധിനിവേശവും വന്യജീവികളുടെ സ്വൈരവിഹാരത്തിന് വലിയ ഭീഷണിയാണ്. ആഹാരം, കുടിവെള്ളം, കാട്ടുതീ, ആവാസവ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ എന്നിവയാൽ വന്യജീവികൾ കാടിറങ്ങുന്നതും അതുമൂലം പലപ്പോഴും ഉണ്ടാകുന്ന മനുഷ്യ-വന്യമൃഗ സംഘർഷവും അവയുടെ നിലനില്പിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നു. അവശേഷിക്കുന്ന സ്വാഭാവിക വനങ്ങളുടെ പരിരക്ഷയും സംരക്ഷിത വനങ്ങളുടെ (Protected Areas) കരുതലോടുകൂടിയുള്ള പരിപാലനവും വന്യജീവി സംരക്ഷണം ഉറപ്പാക്കുന്ന സുപ്രധാന ഘടകങ്ങളാണ്. ആനകളുടെ അന്തർസംസ്ഥാന സഞ്ചാരങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത് സംസ്ഥാനത്തെ കാട്ടാനകളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിൽ വന്നുകൊണ്ടിരിക്കുന്നതിന് കാരണമാകുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| മൃഗം | വർഷം | എണ്ണം |
|---|---|---|
| ആന | 2023 | 1,920 (SE 6) |
| കടുവ | 2022 | 213 (SE 16) |